9-ാം വർഷം
2026
ഫെബ്രുവരി 22
നോമ്പ് രണ്ടാം ഞായർ

Laity Reflect on
Syro-Malabar Sunday Mass SCRIPTURE READINGS



ഒരു നോട്ടം, ഒരു പുഞ്ചിരി, ഒരു വിളി... അത് മതി!

ഉൽപ്പ 13/1-13, പ്രഭാ 31/1-11, 1 തിമോ 6/3-10, ലൂക്ക 19/1-10

'എല്ലാവർക്കും എല്ലാം' എന്ന പരസ്യവാചകം ഏതെങ്കിലും ഒരു ഉല്പന്ന കമ്പനിയ്ക്ക് കൊടുക്കാനൊക്കുമോ? ഇങ്ങനൊരു വാഗ്ദാനം പ്രകടന പത്രികയിൽ പറഞ്ഞ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുണ്ടോ? ഉണ്ടാവില്ല. അതായത്, എല്ലാം എല്ലാവർക്കും വേണ്ടിയുള്ളതല്ല, അതുതന്നെ. പാവപ്പെട്ടവന് പണവും ധനവാന് അളവില്ലാത്ത സമാധാനവും എന്നും സ്വപ്നം മാത്രമാണ്. കുഞ്ഞുങ്ങൾക്ക് എങ്ങനെയും വലുതാവണം, വലിയവർക്കോ ചെറുപ്പം വീണ്ടുകിട്ടണം. വിവാഹം കഴിഞ്ഞവനു സമ്പൂർണ സ്വാതന്ത്ര്യം, ഒറ്റപ്പെട്ടവന് സ്നേഹം... ഇങ്ങനെപോകുന്നു ആ ആവശ്യങ്ങളുടെ, സ്വപ്നങ്ങളുടെ ലിസ്റ്റുകൾ. എല്ലാവർക്കും എല്ലാം ഇല്ല എന്നത് എത്ര വാസ്തവമാണ്. എന്നാൽ എല്ലാവരിലും അവനവന്റെ സ്വപ്നസാക്ഷാത്കാരത്തിനുള്ള ചില സാധ്യതകളുണ്ട് എന്നത് നിഷേധിക്കാനാവില്ല. പക്ഷേ ചിലർ മാത്രമേ അതിൽ വിജയിക്കുന്നുള്ളൂ... സുവിശേഷത്തിൽ തന്നെയുണ്ടല്ലോ അതിനുള്ള ഉദാഹരണങ്ങൾ. വലതു വശത്തെ കള്ളൻ എങ്ങനെയാണ് നല്ല കള്ളനായത്? അതുപോലെ തന്നെ സക്കേവൂസും... തനിയ്ക്ക് കിട്ടിയ ഗോൾഡൺ ചാൻസ് മിസ് ആക്കിയില്ല, അത്ര തന്നെ!

ഞാൻ ആരാണ്?

'ഞാൻ ആരാണ്' എന്ന ചോദ്യമാണല്ലോ ചിന്തകനായ സോക്രട്ടീസിനെ തത്ത്വചിന്തയുടെ അമരക്കാരനാക്കിയത്. എക്കാലത്തെയും ഏറ്റവും



സനു തെറ്റയിൽ, മേക്കാട്

അർത്ഥവത്തായ ചോദ്യമായി പല ചിന്തകരും അഭിപ്രായപ്പെടുന്നതും ഇതേ ചോദ്യമാണ്. ഒരുപക്ഷേ ഏതൊരാളും നിത്യവും ചോദിക്കേണ്ട ഒന്നുതന്നെയാണ് ഇത്! താൻ ആരാണ് എന്ന കുഞ്ഞുനാളിലെ ചോദ്യത്തിനു കിട്ടിയ മറുപടിയാവണമെന്നില്ല ഒരാൾക്ക് കുറെക്കഴിഞ്ഞു കിട്ടുക... അതിന് ഉറപ്പായും മാറ്റമുണ്ടാവും. മാറണം... അതാണ് ജീവിതം. താൻ ആരാണെന്ന ആത്മശോധനയുടെ ആക്കം കൂട്ടുന്ന നാളുകളായ ഈ നോമ്പുകാലത്ത് നമുക്കും അല്പം സീരിയസ് ആയി ചിന്തിക്കാം, നാമൊക്കെ ഉള്ളിന്റെ ഉള്ളിൽ ശരിക്കും ആരാണെന്ന്..

സക്കേവൂസിന്റെ മനസ്സ്

ഒരുപക്ഷേ, സക്കേവൂസിന്റെ ചിന്തയിൽ പലപ്പോഴും വന്നിട്ടുള്ളൊരു ചോദ്യമായിരിക്കണം, അയാൾ ആരാണെന്നുള്ളത്. താൻ ആരാണെന്നും തനിയ്ക്ക് സമൂഹത്തിലുള്ള വിലയെന്താണെന്നും, അവർക്ക് തന്നെക്കുറിച്ചുള്ള കാഴ്ചപ്പാട് എന്താണെന്നുമൊക്കെ വ്യക്തമായി അറിയാവുന്ന ഒരാൾ ആയിരിക്കണം അയാൾ. അതാവാം ആരും അറിയാതെ അദ്ദേഹം ഒളിച്ചിരുന്നത് എന്നൊക്കെ വേണമെങ്കിൽ നമുക്ക് കരുതാം.

ഒരുപക്ഷേ, ഒരിക്കലും മോചനമില്ലാത്തവിധം തന്റെ തൊഴിലിൽ പെട്ടുപോയ ഒരാളാവാം അയാൾ. അയാളുടെ സാഹചര്യം അതിൽ തന്നെ തുടരാൻ അയാളെ പ്രേരിപ്പിച്ചിരിക്കാം.

സുവിശേഷത്തിലെ (ലൂക്കാ 19:110) വിവരങ്ങൾ അടിസ്ഥാനമാക്കി, സക്കേവൂസിന്റെ മാനസികാവസ്ഥ മനസ്സിലാക്കുമ്പോൾ, അദ്ദേഹം പല ഘട്ടങ്ങളിലൂടെയും കടന്നുപോയതായി നമുക്ക് മനസ്സിലാകും. ബൈബിൾ നേരിട്ട് അയാളുടെ ഉള്ളിലെ വികാരങ്ങൾ പറഞ്ഞിട്ടില്ലെങ്കിലും സംഭവങ്ങളിലൂടെ നമുക്ക് ചിലത് മനസ്സിലാക്കാം.

കൗതുകവും ആകാംക്ഷയുമുള്ളൊരു വെറും സാധാരണക്കാരന്റെ പെരുമാറ്റമാണ് ഇവിടെ സക്കേവൂസിൽ നിന്നും ഉണ്ടായത്. അയാളൊരു ധനികനും ചുങ്കക്കാരുടെ തലവനും ആയിരുന്നെങ്കിലും, അവൻ യേശുവിനെ കാണാൻ വളരെ ആഗ്രഹിച്ചിരുന്നു എന്ന് വേണം കരുതാൻ.

1. അവൻ ഓടി, മരത്തിൽ കയറി

ഇത് ഒരു സാധാരണ ധനികന്റെ പെരുമാറ്റമല്ല. അതായത്, അയാളുടെ ഉള്ളിൽ ആത്മീയമായ ഒരു തിരച്ചിലും ശൂന്യതയും ഉണ്ടായിരിക്കാം എന്ന് സാരം.

2. ഒറ്റപ്പെടലും കുറ്റബോധവും

ചുങ്കക്കാരെ സമൂഹം വെറുത്തിരുന്നു എന്നത് പല സുവിശേഷവ്യാഖ്യാനങ്ങളിൽ നിന്നും നമുക്കറിവുള്ളതാണ്. അവൻ ധനികനായിരുന്നു, പക്ഷേ സാമൂഹികമായി അംഗീകരിക്കപ്പെട്ട വനല്ല. പുറത്ത് നിന്നും നോക്കുമ്പോൾ ഒരുപാട് സമ്പത്ത്, ഉള്ളിൽ ഒറ്റപ്പെടൽ ഇത്തരമൊരു ആത്മസംഘർഷം അദ്ദേഹത്തിന് ഉണ്ടായിരിക്കാം.

3. അപ്രതീക്ഷിതമായ സന്തോഷവും അംഗീകരിക്കപ്പെടുന്ന അനുഭവവും

ഈ ഒരനുഭവം തരുന്ന സന്തോഷം ഒട്ടും ചെറുതല്ല. അതുവരെ താൻ അനുഭവിക്കാത്ത ഒരു സ്വർഗീയ അനുഭവം അപ്രതീക്ഷിതമായി കൈവരുമ്പോൾ ആരും അതിൽ മതി മറന്നു പോകും. യേശു അവന്റെ പേരുപറഞ്ഞ് വിളിച്ചു: "സക്കേവൂസേ, ഇറങ്ങിവാ...' ഇത്തരത്തിൽ ഹൃദയവ്യഥ അനുഭവിച്ച ഒരാളെ സംബന്ധിച്ച്, ഇതൊക്കെയാണ് ഒരു ഗോൾഡൺ ചാൻസ്.

ഇത് അയാൾക്ക് വലിയ അതിശയവും സന്തോഷവും നൽകിയിട്ടുണ്ടാവണം എന്ന് മാത്രമല്ല, അയാളുടെ ആത്മാഭിമാനം നൂറുമടങ്ങ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ടാവണം. "എന്നെ അറിയുന്നവനും സ്വീകരിക്കുന്നവനുമായ ഒരാൾ ഈ ഭൂമിയിൽ ഉണ്ടെന്ന്" അയാൾക്ക് തോന്നിയിരിക്കാം.

4. ആഴത്തിലുള്ള ആത്മപരിശോധന

യേശുവിന്റെ സാന്നിധ്യം അവന്റെ ഉള്ളിൽ മാറ്റം സൃഷ്ടിച്ചു. അവൻ തന്റെ പിഴവുകൾ അംഗീകരിച്ചു. പകുതി സമ്പത്ത് ദരിദ്രർക്കു നൽകാൻ തയ്യാറായി. നാലിരട്ടി നഷ്ടപരിഹാരം വാഗ്ദാനം ചെയ്തു.

ഇതൊക്കെ അയാളിൽ കുറ്റബോധം, മാനസാന്തരം, പുതിയ ജീവിത തീരുമാനങ്ങൾ എന്ന മാനസിക മാറ്റം കാണിക്കുന്നു.

5. സമാധാനവും സ്വാതന്ത്ര്യവും

അവന്റെ പ്രഖ്യാപനം വെറും വാക്കുകളല്ല; അത് ഉള്ളിലെ ഒരു വിമോചനമാണ്. പഴയ ജീവിതത്തിന്റെ ഭാരത്തിൽ നിന്ന് മോചിതനായ ഒരു മനുഷ്യന്റെ മനസ്സമാധാനം.

സമഗ്രമായി നോക്കുമ്പോൾ:

സക്കേവൂസ് അനുഭവിച്ചിരുന്നത് ഇതൊക്കെയായിരുന്നു എന്ന് മനസ്സിലാക്കാം: ആത്മീയ ശൂന്യത, അംഗീകരിക്കപ്പെടാനുള്ള ആഗ്രഹം, കുറ്റബോധം, അപ്രതീക്ഷിതമായ ദൈവകൃപ, സത്യസന്ധമായ മാനസാന്തരത്തിന്റെ സന്തോഷം.

സക്കേവൂസിന്റെ കഥ നമ്മെ പഠിപ്പിക്കുന്നത് മനസാന്തരം ഒരു വികാരം മാത്രമല്ല; അത് ഹൃദയത്തിന്റെ ആഴത്തിലുള്ള മാറ്റവും ജീവിതത്തിലെ ദിശാമാറ്റവുമാണ് എന്നതാണ്.

സമ്പത്ത് അതിൽത്തന്നെ നന്മയോ തിന്മയോ അല്ലല്ലോ...

"Fortune knocks once at every man's door." എന്നൊരു ചൊല്ലുണ്ട്. നമുക്കോരോരുത്തർക്കുമുണ്ട് നാം കൊട്ടിയടയ്ക്കുന്ന വാതിലുകൾ. അത് മനുഷ്യർക്ക് മുന്നിലോ ദൈവത്തിന്റെ മുന്നിലോ പ്രകൃതിയുടെ മുന്നിലോ ഒക്കെയാവാം. അവിടെ ആരെങ്കിലും മുട്ടിവിളിക്കുന്നുണ്ടോ എന്ന് കരുതിയിരിക്കാനും ഈ സുവിശേഷഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നു...

വിജിലന്റ് ആയിരിക്കുകയാണ് പ്രധാനം. കരുതിയിരുന്നാൽ ആ വിളിയുടെ ഒരു സ്പാർക്ക് മതി. നമ്മുടെ ജീവിതം മാറിമറിയും. ആമേൻ

(ഹയർസെക്കൻഡറി സ്കൂൾ അധ്യാപകനും എഴുത്തുകാരനുമാണ് ലേഖകൻ)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com